ഉത്തരം

(എ) സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എൻ. സി. ഡി. സി.-യുടെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിഗണനയിലാണ്.

(ഡി) സഹായം ലഭിച്ചിട്ടില്ല.

സംസ്ഥാനത്തെ കൈത്തറി യൂണിറ്റുകൾ

21 [3460] *ശ്രീമതി ശോഭനാജോർജ്:*
ശ്രീ. വി. ഡി. സതീശൻ:
,, ഡി. സുഗതൻ:
,, എ. സുജനപാൽ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറിയുടെ സെൻസസ് ഏറ്റവും ഒടുവിൽ എടുത്തതെന്നാണ്;

(ബി) അതനുസരിച്ച് സംസ്ഥാനത്ത് എത്ര കൈത്തറികളുണ്ട്;

(സി) ഇതിൽ സഹകരണ മേഖലയിൽ എത്ര കൈത്തറികളുണ്ട്;

(ഡി) സിൽക്ക് ഉൽപ്പാദിപ്പിക്കുന്ന എത്ര കൈത്തറികളും തൊഴിലാളികളും സംസ്ഥാനത്തുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1984-ൽ

(ബി) 1984-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 95,000 കൈത്തറികളുള്ളതായാണ് കണക്കാക്കിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് സഹകരണമേഖലയിൽ 64,058 കൈത്തറികൾ പ്രവർത്തിക്കുന്നതായി കണക്കാക്കിയിരിക്കുന്നു.

(ഡി) സംസ്ഥാനത്ത് 12 യൂണിറ്റുകളിലായി 120 തറികളിൽ 120 തൊഴിലാളികൾ സിൽക്കുപയോഗിച്ച് വസ്ത്രങ്ങൾ നെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly